Lalith Babu

**വിവരങ്ങൾ അപേക്ഷകന് അയച്ച് കൊടുക്കേണ്ടതാണ്. ഓഫീസിൽ നേരിട്ട് ഹാജരായി വിവരങ്ങൾ ശേഖരിക്കേണ്ടതാണ് എന്ന് അപേക്ഷകനോട് നിർദേശിക്കാൻ പാടില്ല**

സൂചന ഉത്തരവിൽവ്യക്തമാക്കിയിട്ടുള്ളതുപോലെ, ഒരു പൗരൻ ആവശ്യപ്പെടുന്ന വിവരങ്ങൾരേഖാമൂലം നൽകാതെ "ആഫീസിൽ നേരിട്ട് ഹാജരായി ശേഖരിക്കേണ്ടതാണ്" എന്ന മറുപടി നൽകുന്നത് വിവരാവകാശ നിയമപ്രകാരം നിലനിൽക്കുന്നതല്ല എന്ന് കമ്മീഷൻ വിലയിരുത്തുന്നു. ആയതിനാൽ വിവരാവകാശ നിയമം 20(1) വകുപ്പ് പ്രകാരം ഹർജിക്കാരൻ കൃത്യവിലോപം നടത്തിയതായി കമ്മീഷൻ വിലയിരുത്തുകയും പിഴയായി 3000/- രൂപ (രൂപ മൂവായിരം മാത്രം) ചുമത്തുകയുംചെയ്യുന്നു. ഈ ഉത്തരവ്ലഭിച്ച് 30 ദിവസത്തിനകംഒന്നാംഎതിർകക്ഷി"0070-60-800-36 Receipts under Right to Information Act, 2005" എന്ന Head of Account-ൽ പിഴസംഖ്യഅടയ്ക്കേണ്ടതും നടപടികൾ കമ്മീഷൻ സെക്രട്ടറിയെ ബോദ്ധ്യപ്പെടുത്തേണ്ടതുമാണ്. അല്ലാത്തപക്ഷം ടിയാളുടെസ്ഥാവരജംഗമവസ്തുക്കൾ ജപ്തി ചെയ്ത് സംഖ്യ ഈടാക്കുന്നതാണ്. ഉത്തരവിന്റെ പകർപ്പ്, കമ്മീഷൻ സെക്രട്ടറി, പഞ്ചായത്ത് ഡെപ്യൂട്ട് ഡയറക്ടർക്ക് അയച്ചുകൊടുക്കേണ്ടതും പഞ്ചായത്ത്ഡെപ്യൂട്ട് ഡയറക്ടർ പിഴശിക്ഷയായ 3000/- രൂപ സർക്കാർ ഖജനാവിൽ അടച്ചു എന്നു ഉറപ്പാക്കേണ്ടതുമാണ്.

ഈ ഉത്തരവ് ഇന്നേ ദിവസം 2012 നവംബർ 15-ന് കമ്മീഷൻ പുറപ്പെടുവിക്കുന്നു.